"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ല -- വാഴയൂർ ഗ്രാമപഞ്ചായത്ത് - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(1) - തടസ്സപ്പെടുത്തിയ തുക- സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ ( എ ബി ) വകുപ്പ്**

സ.ഉ.(സാധാ) നം.86/2023/LSGD തീയതി,തിരുവനന്തപുരം, 11-01-2023

---

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 21.07.2020ലെ പി എ എൻ/9043/2020- എം3 ( ഡി പി ) നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 01.08.2022 ലെ ഡി.കെ.എസ്.എ 1333/2021/പി.റ്റി3 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ വാഴയൂർ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ 'എസ്.സി വിഭാഗത്തിലെ പ്രൊഫഷണൽ, ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകൽ' എന്ന പ്രോജക്ടിൽ സബ്സിഡി മാർഗ്ഗരേഖ ഉത്തരവിന് വിരുദ്ധമായി ലാബ് ടെക്നീഷ്യൻ കോഴ്സിന് പഠിക്കുന്ന ഒരു വിദ്യാർത്ഥിക്ക് ലാപ്ടോപ്പ് വാങ്ങി നൽകിയ **24,960/-** രൂപയുടെ ചെലവ് 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(1) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു.

2. ഇത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ വാഴയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗം ഓഡിറ്റ് തടസ്സവും നിർവ്വഹണ ഉദ്യോഗസ്ഥയുടെ മറുപടിയും ചർച്ച ചെയ്തിരുന്നുവെന്നും മെഡിക്കൽ അനുബന്ധ കോഴ്സ് എന്ന നിലയ്ക്കാണ് പാരാമെഡിക്കൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥിക്ക് ലാപ്ടോപ് നൽകിയതെന്നും പട്ടികജാതി വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം, തൊഴിൽ എന്നിവ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് പ്രോജക്ട് നടപ്പിലാക്കിയതെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1 പ്രകാരം തടസ്സപ്പെടുത്തിയ 24,960/- രൂപയുടെ ചെലവിന് സാധൂകരണത്തിനായി അപേക്ഷിക്കാൻ വാഴയൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയും മലപ്പുറം ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയും തീരുമാനിച്ചിട്ടുണ്ടെന്നും ആയതിനാൽ സാധൂകരണം നൽകണമെന്നും പരാമർശം **(1)** പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

**3.** പട്ടികജാതി വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസവും തൊഴിലും ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെയും മാർഗ്ഗരേഖപ്രകാരം മെഡിക്കൽ അനുബന്ധ കോഴ്സുകൾക്ക് പഠിക്കുന്നവർക്കും ലാപ്ടോപ്പ് നൽകാം എന്ന് കരുതിയാണ് ലാബ് ടെക്നീഷ്യൻ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥിക്ക് ലാപ്ടോപ്പ് അനുവദിച്ചതെന്നും മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥിക്ക് ലാപ്ടോപ്പ് അനുവദിച്ചത് ക്രമപ്രകാരമല്ലെങ്കിലും